**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 221** **23-08-2022 - ൽ മറുപടിയ്ക്ക്**

**നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഡയാലിസിസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൃക്ക രോഗികൾ വർദ്ധിച്ച വരുന്ന സാഹചര്യം കണക്കിലെടുത്ത് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (എ) | സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തനക്ഷമമായ 96 ഹീമോഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. എല്ലാ ജില്ലകളിലെയും പ്രധാന ആശുപത്രികളിൽ എല്ലാം തന്നെ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. കൂടുതൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നത് എറെ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാണ്. വൃക്ക രോഗങ്ങളിലേക്ക് നയിക്കുന്ന ജീവിതശൈലീരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിലൂടെയും ചികിത്സിച്ച് ഭേദമാക്കുന്നതിലൂടെയും ഡയാലിസിസിലേക്കെത്തുന്ന രോഗികളുടെ എണ്ണം കുറയ്ക്കുന്നതാണ് ഏറ്റവും പ്രായോഗികവും ഉചിതവുമായ നടപടി. |
| (ബി) | കൊല്ലം ജില്ലയിലെ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ഡയാലിസിസ് സെന്ററുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കൊല്ലം ജില്ലയിൽ 9 സ്ഥാപനങ്ങളിൽ ഡയാലിസിസ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ജില്ലാ ആശുപത്രി കൊല്ലം, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളായ പുനലൂർ, കരുനാഗപള്ളി, കൊട്ടാരക്കര, കടക്കൽ, ശാസ്താംകോട്ട, താലൂക്ക് ആശുപത്രികളായ നീണ്ടകര, നെടുങ്കോലം, മെഡിക്കൽ കോളേജ് പാരിപ്പള്ളി എന്നിവിടങ്ങളിലാണ് ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്. മൊത്തം 124 മെഷീനുകളാണ് കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്നത്. |
| (സി) | കൊല്ലം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ നാളിതുവരെ ഡയാലിസിസ് ചെയ്തുവരുന്ന രോഗികളുടെ എണ്ണം വ്യക്തമാക്കാമോ; | (സി) | കൊല്ലം ജില്ലയിൽ 567 പേരാണ് ഇപ്പോൾ ഡയാലിസിസ് ചികിത്സ തേടുന്നത്. പ്രതിമാസം 5491 ഡയാലിസിസുകൾ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു. |
| (ഡി) | സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് ചെയ്തു വരുന്ന രോഗികളുടെ വിവരം ആരോഗ്യ വകുപ്പ് | (ഡി) | സ്വകാര്യ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് കേന്ദ്രങ്ങളിൽ നിന്നുള്ള വിവരങ്ങൾ |

| | | | |
|---|---|---|---|
| | ശേഖരിക്കാറുണ്ടോ; എങ്കിൽ കൊല്ലം ജില്ലയിൽ എത്ര രോഗികളാണ് ഡയാലിസിസിനായി സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | ലഭ്യമല്ല. |
| (ഇ) | സർക്കാർ ആശുപത്രികളിൽ ഡയാലിസിസിന് ഈടാക്കുന്ന ഫീസ് എത്രയാണെന്നും ഏതെല്ലാം വിഭാഗത്തിലുള്ള രോഗികൾക്കാണ് സൗജന്യമായി ഡയാലിസിസ് നൽകുന്നതെന്നും വ്യക്തമാക്കാമോ? | (ഇ) | ആശുപത്രികളിൽ ഡയാലിസിസിന് ഫീസ് ഈടാക്കുന്നത് അതാത് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളാണ്. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിലും കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിലും ഉൾപ്പെട്ട വിഭാഗങ്ങൾക്ക് ഡയാലിസിസ് ചികിത്സ സൗജന്യമായാണ് നടത്തി വരുന്നത്. ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത രോഗികൾക്ക് 600 രൂപ നിരക്കിലും, കോവിഡ് പോസിറ്റീവ് ആയ രോഗികൾക്ക് സൗജന്യമായിട്ടുമാണ് കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ഡയാലിസിസ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ